## പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1947 — 17/06/2013-ൽ മറുപടിക്ക്

### ആദിവാസി കോളനികളിലെ സൗജന്യ ഭക്ഷ്യ ധാന്യ വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | മഴക്കാലങ്ങളിൽ പട്ടികവർഗ്ഗ കോളനികളിൽ സൗജന്യ ഭക്ഷ്യധാന്യ വിതരണം നടത്താറുണ്ടോ; വിശദാംശം നൽകുമോ; | എ | മഴക്കാലങ്ങളിൽ (ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള നാല് മാസക്കാലയളവിൽ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ തൊഴിലില്ലായ്മ മൂലം പട്ടികവർഗ്ഗക്കാർക്കിടയിൽ ദാരിദ്ര്യവും, ഭക്ഷണ ക്ഷാമവും ഉണ്ടാകാതിരിക്കാൻ വേണ്ടി ഭക്ഷ്യ സഹായ പദ്ധതി നടപ്പാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയുടെ 60% ഭക്ഷ്യ ധാന്യത്തിനും , 40% കൂലിയുമാണ് നൽകിവരുന്നത്. 2013-14 സാമ്പത്തികവർഷം ടി പദ്ധതി നടത്തുന്നതിനായി 180 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| ബി | പാലക്കാട് ജില്ലയിലെ ഏതെല്ലാം പട്ടികവർഗ്ഗ കോളനികളിലാണ് ഇത്തരത്തിൽ ഭക്ഷ്യധാന്യം വിതരണം നടത്തുന്നതെന്ന് വിശദമാക്കുമോ; | ബി | പാലക്കാട് ജില്ലയിൽ അട്ടപ്പാടി ഐ.റ്റി.ഡി.പി. യുടെ അധികാര പരിധിയിലുള്ള പുതൂർ, ഷോളയൂർ, അഗളി പഞ്ചായത്തിലെ എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും, പാലക്കാട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ പരിധിയിലുള്ള വണ്ടാഴി, മുതലമട, നെല്ലിയാമ്പതി, കിഴക്കഞ്ചേരി, പുതുശ്ശേരി, അകത്തേത്തറ, പുതുപരിയാരം, മലമ്പുഴ, കടമ്പഴിപ്പുറം, കരിമ്പ, തച്ചമ്പാറ, കാഞ്ഞിരപ്പുഴ, തെങ്കര, അലനല്ലൂർ, കുമരംപുത്തൂർ, കോട്ടോപ്പാടം എന്നീ പഞ്ചായത്തുകളിൽ ഉൾപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിലും പദ്ധതി നടപ്പാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി | ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി | പ്രസ്തുത പദ്ധതിയ്ക്കായുള്ള ഭക്ഷ്യ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖാന്തിരം മറ്റ് ഗവൺമെന്റ് അംഗീകൃത സ്റ്റോറുകളിൽ നിന്നുമാണ് വിതരണം ചെയ്യുന്നത്. നിർവ്വഹണ ഉദ്യോഗസ്ഥർ വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങളുടെ ഗുണ നിലവാരം ഉറപ്പാക്കുന്നുണ്ട്. |
| ഡി | ഭക്ഷ്യധാന്യ വിതരണം നടത്തുന്നതിന് ഏതെങ്കിലും ഏജൻസിയെ ചുമതല പ്പെടുത്തിയിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ? | ഡി | ഭക്ഷ്യ സഹായ പദ്ധതിയ്ക്കായി പ്രത്യേക ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടില്ല. പട്ടികവർഗ്ഗ വികസന വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥർ നേരിട്ട് ഇടപെട്ടാണ് ഭക്ഷ്യ സഹായ പദ്ധതി നടപ്പിലാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**